**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ജീവനക്കാര്യം - കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി 27,900 - 63,700 ശമ്പള സ്കെയിലിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് - II തസ്തികയിലേക്കുള്ള സോപാധിക നിയമനം - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 4 സെക്ഷൻ**

നമ്പർ. 2746/AD A 4/2022/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 17.03.2022

---

*പരാമർശം:*-1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകൾക്ക് കീഴിലുള്ള സർവ്വീസുമായി ബന്ധപ്പെട്ട അധിക ജോലി) ആക്ട് 2015.

2. ജി.ഒ.(പി) നം. 7/2016/ഉ.വി.വ, തീയതി 26.02.2016.

3. 12.11.2021 തീയതിയിലെ E - Vacancy Proforma ID No. 24030.

4. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 13.01.2022 തീയതിയിലെ ആർ.ഐ.ബി (2) 4482/2021/ജി.ഡബ്ള്യൂ നമ്പർ കത്ത്.

5. സ്റ്റാറ്റ്യൂട്ട്സ് 8,9 അദ്ധ്യായം 4, എം.ജി യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട്സ് 1997 (നോട്ടിഫിക്കേഷൻ നം. എസി.എൽ /1/100/2011/എൻ.റ്റി/സ്റ്റാറ്റ്യൂട്ട്സ്, തീയതി 11.08.2016 പ്രകാരം ഭേദഗതി വരുത്തിയത്).

6. മെമ്മോ നം. 26434/AD A 4-2/2022/എഡി.എ 4, തീയതി 18.02.2022.

**<u>ഉത്തരവ്</u>**

പരാമർശം (1) - ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആക്ടിലെയും പരാമർശം (2) - ലെ സർക്കാർ ഉത്തരവിലെയും വ്യവസ്ഥകൾക്ക് തുടർച്ചയായി, സർവ്വകലാശാലയിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലുള്ള ഒഴിവുകൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻപാകെ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

ആയത് പ്രകാരം, സർവ്വകലാശാലയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്ക് 27,900 - 63,700 ശമ്പള സ്കെയിലിൽ സോപാധിക നിയമനത്തിനായി 05 പേർക്ക് നിയമന ശിപാർശ നൽകിയതായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി പരാമർശം (4) പ്രകാരം അറിയിക്കുകയുണ്ടായി.

പ്രസ്തുത 05 ഉദ്യോഗാർത്ഥികൾക്കും ചട്ടങ്ങൾക്കനുസരിച്ച് പരാമർശം (6) പ്രകാരം നിയമന അറിയിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ, നിർദ്ദേശിച്ച സമയപരിധിക്കുള്ളിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി 04 ഉദ്യോഗാർത്ഥികൾ റിപ്പോർട്ട് ചെയ്തിരുന്നു.

Draft #2 of File 26434/AD A4-2/2022/AD A 4 Approved by DEPUTY REGISTRAR I (ADMIN) on 17-Mar-2022 03:36 PM - Page 1

പരാമർശം (6) പ്രകാരം നിർദ്ദേശിച്ച സമയപരിധിക്കുള്ളിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി റിപ്പോർട്ട് ചെയ്ത 04 ഉദ്യോഗാർത്ഥികളെ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ 27,900 - 63,700 ശമ്പള സ്കെയിലിൽ, താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി, സോപാധികം നിയമിച്ചുകൊണ്ട് വൈസ് ചാൻസലറുടെ ചുമതലയുള്ള പ്രോ - വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

**അഡ്വൈസ് തീയതി : 13.01.2022**

| ക്രമ നം. | പേര്, വിലാസം | ജോലിയിൽ പ്രവേശിച്ച തീയതി | സെക്ഷൻ | ഉൾക്കൊള്ളിച്ചിരിക്കുന്ന തസ്തിക, ഒഴിവ് |
|---|---|---|---|---|
| 1. | SARANYA S.R, Thiruvathira, Pavathiyanvila, Thiruvananathapuram, Parassala P.O- 695502. | 28.02.2022 പൂർവാഹ്നം | ഇ.എൻ - 18 പരീക്ഷാ വിഭാഗം | ശ്രീമതി. രേണുക പി.വി, ഓഫീസ് സൂപ്രണ്ട് മരണമടഞ്ഞതിനെ തുടർന്നുള്ള ഒഴിവ് |
| 2. | ANAMIKA V.S, Alakapuri, Arayoor, Thiruvananthapuram, Arayoor P.O - 695122. | 22.02.2022 പൂർവാഹ്നം | ഇ.എൻ - 18 പരീക്ഷാ വിഭാഗം | ശ്രീമതി. രാഖി.വി, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് - II - വിട്ടുതൽ ഒഴിവ് |
| 3. | SAJINI THANKAPPAN, TC-15/594, Thejas, Udarasiromani Road, Thiruvananthapuram - 695010. | 28.02.2022 പൂർവാഹ്നം | ഇ.എൻ - 15 പരീക്ഷാ വിഭാഗം | ശ്രീമതി. സതീദേവി റ്റി.പി., ഓഫീസ് സൂപ്രണ്ട് ഹയർ ഗ്രേഡ് - വിരമിക്കൽ ഒഴിവ് |
| 4. | ATHIRA. M Muttath House, Karivellur, Kannur, Karivellur - 670521. | 26.02.2022 പൂർവാഹ്നം | ഇ.എൻ - 15 പരീക്ഷാ വിഭാഗം | ശ്രീ. ബൈജു ഇ.സി., ഓഫീസ് സൂപ്രണ്ട് ഹയർ ഗ്രേഡ് - വിരമിക്കൽ ഒഴിവ് |

1) മേൽ നിയമനം സോപാധികവും, പാർട്ട് II, കെ.എസ് & എസ്.എസ് .ആർ ജനറൽ റൂൾസിലെ ചട്ടം 3 (സി) - യിലെ വ്യവസ്ഥകൾക്കും ചട്ടം 10 (b)(iii) പ്രകാരം നടത്തുന്ന സ്വഭാവം, പൂർവ്വചരിത്രം എന്നിവയുടെ വെരിഫിക്കേഷനും വിധേയമായിട്ടുള്ളതുമാണ്.

2) 01.04.2013-ന് ശേഷം സർവ്വീസിൽ പ്രവേശിച്ചവരെല്ലാം സർക്കാർ ഉത്തരവ് നം. 20/2013/ഫിൻ, തീയതി 07.01.2013 പ്രകാരം നടപ്പാക്കിയ നാഷണൽ പെൻഷൻ സ്കീം (എൻ.പി.എസ്.) - ന്റെ പരിധിയിൽ ഉൾപ്പെടുന്നതായിരിക്കും. എന്നാൽ 31.03.2013 - നോ അതിന് മുൻപോ സ്ഥിരം ഒഴിവിൽ ക്രമപ്രകാരം നിയമിതരായവരോ 31.03.2013 - ൽ അത്തരം

Draft #2 of File 26434/AD A4-2/2022/AD A 4 Approved by DEPUTY REGISTRAR I (ADMIN) on 17-Mar-2022 03:36 PM - Page 2

മലയാളം സർവ്വകലാശാല, കേരളം

തസ്തികയിലിരുന്നവരോ അതാത് സ്ഥാപനങ്ങളിൽ കെ.എസ്.ആർ പാർട്ട് III പെൻഷൻ സ്കീമിൽ ഉൾപ്പെടുത്തപ്പെട്ടവരോ ആയവർ എൻ.പി.എസ് - ന്റെ പരിധിയിൽ ഉൾപ്പെടുന്നവരല്ല.

3) കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് - II തസ്തികയിലേക്ക് നിയമിതരായവർക്കെല്ലാം പരാമർശം (2)-ലെ വ്യവസ്ഥകൾ അനുസരിച്ച് തുടർച്ചയായ 3 വർഷത്തിനുള്ളിൽ 2 വർഷത്തെ ഡ്യൂട്ടി പരിവീക്ഷാകാലം (പ്രൊബേഷൻ കാലം) ആയിരിക്കും. ടിയാളുകളുടെ മറ്റു സർവ്വീസ് നിബന്ധനകളെല്ലാം എം.ജി. യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട്സ് 1997-ലെ വ്യവസ്ഥകൾ അനുസരിച്ചായിരിക്കും.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാരീസ് പി വൈ

ഡപ്യൂട്ടി രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ
2. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. വൈസ് ചാൻസലർ, പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ
5. എ.ആർ - 1/ഡി.ആർ - 1/ജെ.ആർ - 1 (ഭരണ വിഭാഗം)
6. പൂൾ ഓഫീസർ (പരീക്ഷാ വിഭാഗം)/പി.ആർ.ഒ
7. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് കാര്യാലയം (മഹാത്മാഗാന്ധി സർവ്വകലാശാല)
8. ഐ.ടി.സെൽ/എഡി.സി 2/എഡി.എ 5/ഫിനാൻസ് 1/2
9. എഫ്.സി.സി/യൂണിവേഴ്സിറ്റി വെബ്സൈറ്റ്/സി.എം.എസ്/ഐ.ക്യൂ.എ.സി
10. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 26434/AD A4-2/2022/AD A 4 Approved by DEPUTY REGISTRAR I (ADMIN) on 17-Mar-2022 03:36 PM - Page 3